## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** | **11/02/2013-ൽ**
**നിയമസഭാ ചോദ്യം നം. T1521** | **മറുപടിയ്ക്ക്**

### മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. കെ.കെ.ജയചന്ദ്രൻ** | | **ശ്രീ. കെ. സി. ജോസഫ്**<br>**ഗ്രാമ വികസനവും ആസൂത്രണവും**<br>**സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി** |
| (എ) | മലയോര വികസനത്തിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ; | (എ) | മലയോര വികസനത്തിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 61.30 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്. |
| (ബി) | മലയോര വികസന ഏജൻസി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ എന്തെല്ലാം പ്രവർത്തന ങ്ങളാണ് പ്രസ്തുത ഏജൻസി ഏറ്റെടുത്ത് നടത്തുന്നത് ; | (സി) | ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതിയിൽ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതി, ചെറു അരുവി കളിൽ ചെക്കുഡാം നിർമ്മാണം, എന്നിവയും നബാർഡിന്റെ ധനസഹാ യത്തോടെ റോഡു പുന:രുദ്ധാരണം, സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പഴം-പച്ചക്കറി വികസന പദ്ധതി എന്നിവ യുമാണ് ഏറ്റെടുത്ത് നടത്തുന്നത്. |
| (ഡി) | ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രമാത്രം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ? | (ഡി) | മലയോര വികസന ഏജൻസിയുടെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ. 15.1.13 ലെ ജി.ഒ.(എം.എസ്) നം.04/13/ പ്ലാനിംഗ്, 22.1.13 ലെ ജി.ഒ.(എം.എസ്) നം.07/13/പ്ലാനിംഗ് എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ പദ്ധതി കൾക്കായി 36.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി കൾക്കായി തുക ചെലവഴിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നബാർഡിന്റെ വിഹിതമായ 25 കോടി രൂപക്കുള്ള ഭരണാനുമതി നൽകുന്ന കാര്യം നബാർഡിന്റെ അനുവാദം കാത്തിരിക്കുകയാണ്. |

Biju mon
സെക്ഷൻ ഓഫീസർ